

## ഫെബ്രുവരി 2026
# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം.

ക്രൈസ്തവ ജനതയുടെ വിശ്വാസ രൂപീകരണത്തെ ഏറെ സ്വാധീനിച്ച മാരാമൺ കൺവൻഷന്റെ 131-ാം സമ്മേളനം ഫെബ്രുവരി 8 മുതൽ 15 വരെ മാരാമൺ മണൽപ്പുറത്തു പ്രത്യേകം ക്രമീകരിക്കുന്ന പന്തലിൽ നടക്കുന്നു. കൺവൻഷന്റെ അനുഗ്രഹപ്രദമായ നടത്തിപ്പിന് ഏവരുടെയും പ്രാർത്ഥന പ്രത്യേകം ക്ഷണിക്കുന്നു. മാർത്തോമ്മാ സുവിശേഷ പ്രസംഗ സംഘം അതിനുവേണ്ട ക്രമീകരണങ്ങളിൽ വ്യാപൃതരായിരിക്കുന്നു. ഈ വർഷത്തെ കൺവൻഷനിൽ പ്രൊഫ. ഡോ. ക്ലിയോഫസ് ജെ. ലാറു (യു.എസ്.എ.), റവ. മോളോ വിൽസൺ മേസവൻഡിലെ (സൗത്ത് ആഫ്രിക്ക), ബിഷപ്പ് പോൾ സ്വരൂപ് (ന്യൂഡൽഹി) എന്നിവരെക്കൂടാതെ നമ്മുടെ സഭയിലെ അഭിവന്ദ്യ തിരുമേനിമാരും വിവിധ സഭകളിലെ മേൽപ്പട്ടക്കാരും വിവിധ യോഗങ്ങളിൽ പ്രസംഗിക്കുകയും നേതൃത്വം നൽകുകയും ചെയ്യും. വേദപുസ്തക പഠനത്തിന്റെയും ആദ്ധ്യാത്മ കൂട്ടായ്മകളുടെയും പ്രസക്തിയെ കേരള സമൂഹം തിരിച്ചറിഞ്ഞത് മാരാമൺ കൺവൻഷനിലൂടെയാണ്. വലിയ നോമ്പ് ആരംഭിക്കുന്നതിനു മുമ്പുള്ള ഈ കൂടിവരവ് അനുതാപത്തിന്റെ വേദിയായി തീരട്ടെയെന്നു പ്രാർത്ഥിക്കുന്നു. സമർപ്പണത്തോടും പ്രാർത്ഥനയോടും കൂടി ഈ വർഷത്തെ കൺവൻഷനിൽ നമുക്ക് പങ്കെടുക്കാം. പരമാവധി എല്ലാവരും മണൽപ്പുറത്ത് വന്ന് നേരിട്ട് വചനകേഴ്വിയിൽ പങ്കെടുക്കണം. അപ്രകാരം സാധിക്കാത്തവർക്ക് ഓൺലൈൻ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. കൺവൻഷന് വേണ്ടിയുള്ള ഒരുക്കപ്രാർത്ഥനകൾ ഇടവക തലത്തിൽ നടത്തുന്നത് അനുഗ്രഹകരമാണ്. 131-ാമത് മാരാമൺ കൺവൻഷൻ നമ്മുടെ എല്ലാവരുടെയും പുതുക്കത്തിനും പുനഃസമർപ്പണത്തിനുമുള്ള വേദിയായിത്തീരണം. ദൈവം അതിനു നമ്മെ സഹായിക്കട്ടെ.

വചന ഘോഷണത്തിന്റെ നാളുകളോടനുബന്ധിച്ചു വലിയ നോമ്പാരംഭിക്കുന്നു എന്നത് ഏറെ സംഗതമാണ്. ഈ വർഷം ഫെബ്രുവരി മാസം 15 മുതലാണല്ലോ വലിയ നോമ്പ് ആരംഭിക്കുന്നത്. നിരന്തര പ്രാർത്ഥനയുടെയും ജീവിത ക്രമീകരണത്തിന്റെയും നാളുകളായി ഈ ദിവസങ്ങളെ രൂപാന്തരപ്പെടുത്തണം. തിരക്കുപിടിച്ച ജീവിത ക്രമങ്ങളുടെ മദ്ധ്യേ കൈമോശം വന്നുഭവിക്കാവുന്ന ദൈവ ബോധത്തിലേക്കും അതുവഴി മനുഷ്യ നന്മയിലേക്കും തിരിയുവാൻ നോമ്പിന്റെ ദിനങ്ങൾ സഹായകരമായിത്തീരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

2026 ജനുവരി 26 ന് നമ്മുടെ രാജ്യം 77-ാം റിപ്പബ്ലിക് ദിനം ആഘോഷിച്ചു. ഇന്ത്യ ഒരു പരമാധികാര, സോഷ്യലിസ്റ്റ്, മതേതര, ജനാധിപത്യ റിപ്പബ്ലിക്കായി നിലകൊള്ളുക എന്ന ആശയമാണ് മഹത്തായ ഇന്ത്യൻ ഭരണഘടന വിഭാവന ചെയ്യുന്നത്. ഭരണഘടന വെറും രേഖയല്ല; അത് ജീവിക്കപ്പെടേണ്ട മൂല്യങ്ങളാണ്. അവ സംരക്ഷിക്കുമ്പോഴാണ് നമ്മുടെ റിപ്പബ്ലിക്ക് ശക്തമാകുന്നത്. ഭരണഘടന പാലിക്കപ്പെടുക എന്നത് ഓരോ പൗരന്റെയും ഉത്തരവാദിത്വമാണ്. എല്ലാവർക്കും നന്മ വരുന്ന നിലയിൽ യഥാർത്ഥ രാജ്യസ്നേഹികളായി, രാജ്യ പുരോഗതിയ്ക്കായി പ്രവർത്തിക്കുവാൻ നമുക്ക് പുനരർപ്പണം ചെയ്യാം.

ഭാരതത്തിന്റെ 77-ാം റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച പരമോന്നത സിവിലിയൻ അംഗീകാരമായ പത്മവിഭൂഷൺ ബഹുമതിക്ക് ജസ്റ്റിസ് കെ. ടി. തോമസ് അർഹനായി. നിലവിൽ കേരള നിയമ പരിഷ്കാര കമ്മീഷൻ ചെയർമാൻ കൂടിയായ ജസ്റ്റിസ് കെ. ടി. തോമസ് നീതിന്യായ രംഗത്ത് രാജ്യത്തെ പ്രമുഖരുടെ പട്ടികയിൽ ഇടംപിടിച്ചയാളാണ്. മനുഷ്യാവകാശങ്ങൾക്കും ഭരണഘടനാമൂല്യങ്ങൾക്കും അദ്ദേഹം നല്കിയ ഊന്നൽ നീതിന്യായ നിർവ്വഹണത്തിൽ കൂടുതൽ മാനുഷിക മുഖം നല്കിയതിനാൽ നിയമവഴിയിൽ രണ്ടാം തവണയാണ് പത്മപുരസ്കാരം അദ്ദേഹത്തെ തേടിയെത്തുന്നത്. കോട്ടയം ജറുശലേം മാർത്തോമ്മാ ഇടവകാംഗമായ ജസ്റ്റിസ് കെ. ടി. തോമസ് മാർത്തോമ്മാ സഭാ കൗൺസിലംഗം, എപ്പിസ്കോപ്പൽ നോമിനേഷൻ ബോർഡംഗം, വൈദിക തിരഞ്ഞെടുപ്പ് കമ്മിറ്റി അംഗം എന്നിങ്ങനെ സഭയുടെ വിവിധ തീരുമാന സഭകളിലും നേതൃത്വം

നല്കിയിട്ടുണ്ട്. പത്മവിഭൂഷൺ സ്ഥാനലബ്ധിയിൽ ജസ്റ്റിസ് കെ. ടി. തോമസിനെ മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ പേരിൽ അഭിനന്ദിക്കുന്നു.

മഞ്ഞുവീഴ്ചയും ശീതക്കാറ്റും അമേരിക്കയിലും യൂറോപ്പിലും ഗൾഫ് രാജ്യങ്ങളിലും തുടരുമ്പോൾ തന്നെ രാഷ്ട്രീയ ശീതക്കാറ്റും മാറി മാറി വീശുന്നത് ഏറെ പ്രതിസന്ധി സൃഷ്ടിക്കുന്നു. ഇറാനിലെ ഇസ്ലാമിക് റിപ്പബ്ലിക് ഭരണകൂടം സമാനതകളില്ലാത്ത വെല്ലുവിളിയെയാണ് ഇപ്പോൾ നേരിടുന്നത്. സാമ്പത്തിക തകർച്ചയിലും കറൻസി മൂല്യത്തകർച്ചയിലും പ്രതിഷേധിച്ച് ടെഹ്റാനിലെ ഗ്രാൻഡ് ബസാറിൽ ആരംഭിച്ച പ്രക്ഷോഭം ഇപ്പോൾ രാജ്യത്തെമ്പാടും വ്യാപിച്ചുകഴിഞ്ഞു. പ്രക്ഷോഭകാരികൾക്ക് നേരെ സുരക്ഷാസേന നടത്തിയ വെടിവെപ്പിലും ലാത്തിച്ചാർജിലും അനേകർ മരിച്ചുവീഴുന്നു. പ്രക്ഷോഭത്തിന്റെ പേരിൽ അനേകരെ ക്രൂരമായി കൊലപ്പെടുത്തുന്നത് ഒരു വിനോദം പോലെ തുടരുന്നു. യുദ്ധം കഴിഞ്ഞു ശവങ്ങളുടെ കണക്കെടുപ്പ് കഴിയുമ്പോൾ എന്തിനായിരുന്നു യുദ്ധം എന്ന ചോദ്യം ഉയരുന്നു എന്ന സത്യം നമ്മെ ഓർമ്മിപ്പിക്കുന്നത് പ്രശസ്ത കവി സച്ചിദാനന്ദനാണ്. നിരാലംബരും അസ്ഥിത്വത്തിനായി പോരാടുന്നവരുമായ ജനതയുടെമേൽ ആധുനിക ഫാസിസത്തിന്റെ തേർവാഴ്ചകൾ പല രൂപങ്ങളിൽ നാം കണ്ടുകൊണ്ടേയിരിക്കുന്നു. ഏതുതരം ആധിപത്യവും ഭീകരതയാണ് എന്ന യാഥാർഥ്യം നമ്മുടെ മനസ്സുകളെ അസ്വസ്ഥമാക്കണം. അവിടെ മാത്രമേ ശാന്തിയുടെ പ്രചാരകരാകുവാൻ നമുക്ക് കഴിയൂ. 'അവർ തങ്ങളുടെ വാളുകളെ കൊഴുക്കളായും കുന്തങ്ങളെ വാക്കത്തികളായും അടിച്ചു തീർക്കും; ജാതി ജാതിക്കു നേരെ വാളോങ്ങുകയില്ല; അവർ ഇനി യുദ്ധം അഭ്യസിക്കയും ഇല്ല' എന്ന പ്രവാചക ദർശനം സാധ്യമാകാൻ നമുക്ക് പ്രാർത്ഥിക്കാം.

ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ സ്വേച്ഛാധിപത്യവും ജനാധിപത്യത്തിന്റെ നിഷേധവും വളർന്നു വരുന്നു എന്നതൊരു യാഥാർഥ്യമാണ്. അമേരിക്കൻ ഐക്യനാടുകൾ വെനിസ്വേല ആക്രമിച്ചതും അവരുടെ പ്രസിഡന്റിനെ തടവിലാക്കിയതും ഇതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരമാണ്. അമേരിക്ക മാത്രമല്ല ദുർബലരായ അയൽ രാജ്യങ്ങളെ ആക്രമിച്ചു കീഴടക്കുവാൻ ശ്രമിക്കുന്ന ജനാധിപത്യ ശക്തികളെന്ന് അഭിമാനിക്കുന്ന മറ്റ് രാജ്യങ്ങളുമുണ്ട്. ജർമ്മനിയിൽ ജനാധിപത്യ പ്രക്രീയയിൽ കൂടെയാണ് ഹിറ്റ്ലർ അധികാരത്തിൽ വന്നതെന്ന് നാമോർക്കണം. ജനാധിപത്യത്തിന്റെ മറവിൽ ഫാസിസ്റ്റ് പ്രവണതകൾ പ്രകടിപ്പിക്കുന്നതും ദുർബലരെയും നിസ്സഹായരെയും നിശബ്ദരാക്കി കീഴടക്കുവാൻ ശ്രമിക്കുന്നതും ചുറ്റും കാണുമ്പോൾ അതിനെതിരായി ശബ്ദമുയർത്തുവാനെങ്കിലും നമുക്ക് സാധിക്കണം. ഒപ്പം, നമ്മുടെ ഭവനങ്ങളും ഇടവകകളും സഭയും സ്ത്രീകളും കുട്ടികളും മറ്റ് പാർശ്വവൽക്കരിക്കപ്പെട്ടവരും പങ്കാളിത്തം അനുഭവിക്കുന്ന ഇടങ്ങളാക്കുവാൻ നാം പ്രതിജ്ഞാബദ്ധരായിരിക്കണം. ബൃഹത്തായ (Macro) ഇടങ്ങൾ മാത്രമല്ല നമുക്ക് ചുറ്റുമുള്ള പരിമിതമായ (Micro) ഇടങ്ങളും യഥാർത്ഥ സ്വാതന്ത്ര്യവും ജനാധിപത്യവും അനുഭവിക്കുന്ന ഇടങ്ങളായി രൂപപ്പെടുത്തേണ്ടത് അത്യന്താപേഷിതമാണ്.

കഴിഞ്ഞ പത്ത് വർഷങ്ങൾക്കുള്ളിൽ ഭാരതത്തിലെ മതന്യൂനപക്ഷങ്ങൾ-പ്രത്യേകിച്ച് ക്രിസ്ത്യാനികൾ - വെറുപ്പിനും ഭീഷണിക്കും അക്രമത്തിനും ഇരയാകുന്നത് വർദ്ധിച്ചുവരുന്നു എന്നത് ആശങ്കാജനകമാണ്. മുസ്ലീങ്ങൾക്കും ക്രിസ്ത്യാനികൾക്കുമെതിരായ വിദ്വേഷ പ്രസംഗങ്ങളും അക്രമവും വർഷം തോറും ക്രമാനുഗതമായി വർദ്ധിച്ചുവരികയാണ്. 2025-ൽ രാജ്യത്തുടനീളമുള്ള മതന്യൂനപക്ഷങ്ങളെ ലക്ഷ്യമിട്ട് 1,318 സ്ഥിരീകരിച്ച നേരിട്ടുള്ള വിദ്വേഷ പ്രസംഗ പരിപാടികൾ India Hate Lab Report 2025 രേഖപ്പെടുത്തിയിട്ടുണ്ട്. മുൻ വർഷത്തേക്കാൾ 13 ശതമാനം വർധനയും 2023-നെ അപേക്ഷിച്ച് 97 ശതമാനം വർദ്ധനവുമാണ് ഇത് കാണിക്കുന്നത്. ഏറ്റവും പുതിയതും അസ്വസ്ഥത ഉളവാക്കുന്നതുമായ സംഭവങ്ങളിലൊന്ന് ഒഡീഷയിൽ നിന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. ആ സംസ്ഥാനത്തെ Dhenkanal ജില്ലയിൽ നിന്നുള്ള ഒരു ക്രിസ്ത്യൻ വൈദീകനായ നായിക്കിനെ ഹിന്ദു തീവ്രവാദികൾ ആക്രമിക്കുകയും പരസ്യമായി അപമാനിക്കുകയും ചാണകം കഴിപ്പിക്കാൻ നിർബന്ധിക്കുകയും ചെയ്തു. ആക്രമണത്തിനെതിരെ പാസ്റ്റർ നായിക് പോലീസിൽ പരാതി രജിസ്റ്റർ ചെയ്തപ്പോൾ, അദ്ദേഹം നിർബന്ധിത മത പരിവർത്തനം നടത്തിയെന്ന് ആരോപിച്ച് അക്രമികൾ നായിക്കിനെതിരെ ഒരു കൗണ്ടർ എഫ്. ഐ. ആറും. ഫയൽ ചെയ്തു. ഇരകളെ പ്രതിരോധത്തിലാക്കുന്ന ഒരു സാധാരണ തന്ത്രമാണിത്.

രാജ്യത്തിന്റെ പല ഭാഗങ്ങളിലും ക്രൈസ്തവർ ഭീതിയിൽ കഴിയുന്നു എന്നതൊരു യാഥാർഥ്യമാണ്. നാം തികച്ചും നിസ്സഹായർ എന്ന് തോന്നുന്ന ഇത്തരം സന്ദർഭങ്ങളിൽ പോലും പ്രത്യാശ കൈവിടാതെ ആക്രമിക്കപ്പെടുന്ന വിശ്വാസികൾക്ക് കൈത്താങ്ങൽ നൽകേണ്ടതും അവർക്കെതിരായി വർദ്ധിച്ചുവരുന്ന അക്രമങ്ങളെ ശക്തമായി അപലപിക്കേണ്ടതും ആവശ്യമാണ്. സഭ സൃഷ്ടിപരമായും ധൈര്യത്തോടെയും പ്രതികരിക്കേണ്ട സമയമാണിത്. എല്ലാ ക്രിസ്ത്യാനികളും, എല്ലാ ന്യൂനപക്ഷങ്ങളും, ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബഹുസ്വരതയിലും മതേതരത്വത്തിലും വിശ്വസിക്കുന്ന എല്ലാ ഭാരതീയരും ഒരുമിച്ചു നിൽക്കേണ്ട സമയമാണിത്. സഭയുടെ പ്രവാചക ദൗത്യം പ്രഘോഷിക്കേണ്ട നിമിഷങ്ങളിൽ നിശബ്ദതയും നിഷ്ക്രിയത്വവും പാലിക്കുന്നത് ഗുരുതരമായ പാപമാണ്.

സമഗ്ര വോട്ടർ പട്ടിക പരിഷ്കരണം (എസ്.ഐ.ആർ) നടന്നുകൊണ്ടിരിക്കുകയാണല്ലോ. പരാതികൾ പരിശോധിച്ചു പൂർത്തീകരിക്കുവാൻ കേരളത്തിൽ

നിശ്ചയിച്ചിരിക്കുന്ന സമയപരിധി ഫെബ്രുവരി 14 എന്ന് മാധ്യമങ്ങളിലൂടെ മനസിലാക്കുന്നു. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രസിദ്ധീകരിച്ച കരട് പട്ടികയിൽ ഇനിയും രേഖകൾ സമർപ്പിക്കുവാനുള്ളവർ ഏതാണ്ട് 37 ലക്ഷം വരും എന്ന വാർത്ത ആശങ്കാജനകമാണ്. ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന സമയപരിധി നീട്ടി എല്ലാവരെയും ഉൾക്കൊള്ളുവാനുള്ള ഒരു ക്രമീകരണം ചെയ്യുന്നത് ഉചിതമായിരിക്കും. ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധ ഇതിലേക്ക് ക്ഷണിക്കുന്നു. തങ്ങളുടെ പേരുകൾ വോട്ടർ പട്ടികയിൽ ഉണ്ട് എന്നുറപ്പുവരുത്തുവാൻ എല്ലാവരും ശ്രദ്ധിക്കേണ്ടത് ആവശ്യമാണ്. ജനാധിപത്യ വ്യവസ്ഥ നമുക്ക് പ്രദാനം ചെയ്യുന്ന ഏറ്റവും വലിയ അവകാശമാണല്ലോ നമ്മുടെ വോട്ടവകാശം.

കേരളത്തിൽ അസംബ്ലി തെരെഞ്ഞെടുപ്പ് സമാഗതമായല്ലോ. രാഷ്ട്രീയപ്പാർട്ടികൾ അതിനായി ഒരുങ്ങുമ്പോൾ സമുദായങ്ങളെയും ജാതി സംഘടനകളെയും സഭകളെയും തങ്ങളുടെ കൂടെകൂട്ടാനുള്ള തിരക്കിലാണ്. ഇത്തരം സാഹചര്യങ്ങളുടെ പിൻബലം ഉപയോഗിച്ച് തല്പരകക്ഷികളും സമുദായ നേതാക്കളും വർഗ്ഗീയ പരാമർശങ്ങൾ നടത്തുന്നത് ഏറെ ഖേദകരമാണ്. സമൂഹമായി ജീവിക്കുന്ന മനുഷ്യർ വർഗം, വർണം, ലിംഗം, ദേശം, മതം, ജാതി, ഭാഷ എന്നിവയിൽ വ്യത്യസ്തരാണ് എന്ന യാഥാർഥ്യം നമ്മുടെ മുമ്പിൽ നിൽക്കുമ്പോൾ തന്നെ താൻ പ്രതിനിധാനം ചെയ്യുന്ന കക്ഷിയാണ് എപ്പോഴും ശരിയെന്നു സ്ഥാപിക്കുവാൻ ശ്രമിക്കുമ്പോൾ മറ്റുള്ളവരുടെ ശരികൾ പോലും തെറ്റായി വ്യാഖാനിക്കപ്പെടുന്നു. മതവെറി ലോകത്തിൽ ചിന്തിയ രക്തത്തിനറുതിയില്ല എന്ന് നാം ചിന്തിച്ചാലും. അതുകൊണ്ടു വർഗീയത ഏതു രൂപത്തിൽ പ്രത്യക്ഷപ്പെട്ടാലും അത് ചെറുക്കപ്പെടേണ്ടത് തന്നെയാണ്. വ്യത്യസ്തമായ പാതയിൽ സഞ്ചരിക്കുവാനുള്ള സ്വാതന്ത്ര്യത്തിന്റെ പരിസരങ്ങളിലാണ് മതങ്ങളുടെ മനോവ്യാപാരം സന്നിവേശിപ്പിച്ചിരിക്കുന്നത്. സ്വാതന്ത്ര്യത്തിന്റെ അത്തരം മൂല്യങ്ങളെ തച്ചുടയ്ക്കുവാനുള്ള എല്ലാ ശ്രമങ്ങളും വർഗീയതയിൽ പര്യവസാനിക്കും എന്ന ചിന്ത എല്ലാവരെയും ഭരിക്കണം.

ആതുര ശുശ്രൂഷയിൽ കഴിഞ്ഞ 79 വർഷമായി അനുഗ്രഹീത ശുശ്രൂഷ നിർവഹിക്കുന്ന കുമ്പനാട് മാർ ക്രിസോസ്റ്റം ഫെലോഷിപ്പ് മിഷൻ ആശുപത്രിക്ക് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആൻഡ് ഹെൽത്ത് കെയർ (NABH) ന്റെ അംഗീകാരം ലഭിച്ചു എന്നത് നമുക്കെല്ലാവർക്കും അഭിമാനകരമാണ്. ആരോഗ്യ ഗുണനിലവാരത്തിലും രോഗികളുടെ പരിചരണത്തിലും മാർ ക്രിസോസ്റ്റം ആശുപത്രി പുലർത്തുന്ന മികവ് പരിഗണിച്ചാണ് കേന്ദ്ര തലത്തിലുള്ള ബോർഡ് ഈ അംഗീകാരം നൽകിയത്. ആശുപത്രിയുടെ പ്രവർത്തനം മികച്ച രീതിയിൽ മുന്നോട്ട് പോകുന്നു എന്നത് സന്തോഷകരമാണ്. 35 കോടി രൂപ ചിലവിൽ 5 നിലകളോട് കൂടിയ പുതിയ ബ്ലോക്കിന്റെ നിർമ്മാണവും പുരോഗമിക്കുന്നു. ആശുപത്രിയോട് ചേർന്നുള്ള ജീറിയാട്രിക് സെന്റർ പ്രവർത്തനവും അനുഗ്രഹിതമായി മുന്നോട്ടു പോകുന്നു.

കർത്താവിന്റെ ശരീരമായ തിരുസഭ വിശ്വാസമാകുന്ന പാറമേൽ ഉറപ്പിക്കപ്പെട്ടിരിക്കുന്നതും അപ്പോസ്തോലിക പിന്തുടർച്ചയിൽ നിലനിൽക്കുന്നതുമാകുന്നു. ക്രിസ്തുവിന്റെ സ്നേഹത്തിൽ നമ്മെ നിരന്തരം നിലനിർത്തുന്നതും നയിക്കുന്നതും ആരാധനയാണ്. ഹൃദയവും മനസ്സും ശരീരവും കർത്താവിൽ സമർപ്പിച്ച് അർത്ഥപൂർണ്ണമായ ആരാധനാ ജീവതത്തിന് വിശ്വാസ സമൂഹത്തെ സഹായിക്കുവാൻ ആരാധനാ ക്രമങ്ങൾ ചിട്ടപ്പെടുത്തുകയും നിലവിലുള്ളത് കാലാനുസൃതമായി നവീകരിക്കുകയും ചെയ്യുന്ന പാരമ്പര്യം സഭയിലുണ്ട്. നമ്മുടെ ശ്ഹീമാ നമസ്കാരം, ആഴ്ചവട്ടത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ദിവസത്തേക്കുമുള്ള യാമപ്രാർത്ഥനകളായും, നമസ്കാരക്രമ പുസ്തകം ഒരു ദിനചക്രത്തിന്റെ അടിസ്ഥാനത്തിൻ ഓരോ യാമത്തിലേക്കുമുള്ള പ്രാർത്ഥനകളായും മോറോനായ പെരുന്നാൾ ക്രമം കർത്താവിന്റെ രക്ഷാകര സംഭവങ്ങളെ ധ്യാനിക്കുകയും ആഘോഷിക്കുകയും ചെയ്യത്തക്കവിധം വിശേഷ ദിവസങ്ങളിലേക്കുള്ള പ്രാർത്ഥനകളായും ക്രമീകരിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട എപ്പിസ്കോപ്പൽ സിനഡിന്റെ അനുമതിയോടുകൂടി സഭയുടെ പൊതുവായ ഉപയോഗത്തിനായി ഇവ മൂന്നും പുനഃപ്രസിദ്ധീകരണം ചെയ്യുകയാണ്. കൂടാതെ വലിയ നോമ്പു നമസ്ക്കാര ക്രമത്തിന്റെ ഇംഗ്ലീഷ് ഭാഷയിലേക്കുള്ള വിവർത്തനവും (translation) ലിപ്യാന്തരണവും (transliteration) വരുത്തി പ്രസിദ്ധീകരിക്കുന്നു. ഇവയെല്ലാം തിരുസഭയുടെ കെട്ടുപണിയ്ക്കും വിശ്വാസികളുടെ ആത്മീക വർധനയ്ക്കും മുഖാന്തരമായി തീരട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

വയനാട് മുണ്ടക്കൈ, ചൂരൽമല ദുരന്തത്തിനിരയായവർക്കായി മാർത്തോമ്മാ സഭയായി നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതിയുടെയും മാർത്തോമ്മാ ഹോളിസ്റ്റിക് സെന്ററിന്റെയും അടിസ്ഥാനശിലകൾ ജനുവരി മാസം 15-ാം തീയതി ആശിർവദിച്ചു. ഭവന നിർമ്മാണത്തിന് സർക്കാർ ഭൂമി ലഭിക്കുന്നത് സാധ്യമാകാതെ വന്ന സാഹചര്യത്തിൽ സഭ തന്നെ നേരിട്ട് 3 ഏക്കർ 31 സെന്റ് ഭൂമി വാങ്ങി ആദ്യഘട്ടമായി തിരഞ്ഞെടുക്കപ്പെട്ട 8 കുടുംബങ്ങൾക്ക് ഭവനം വെച്ചു കൊടുക്കുവാനാണ് ഇപ്പോൾ താല്പര്യപ്പെട്ട് പദ്ധതി ഒരുക്കിയിരിക്കുന്നത്. അതോടൊപ്പം വയോജനങ്ങൾക്ക് കരുതൽ നല്കുന്നതിന് സഭയുടെ പാലിയേറ്റിവ് കെയർ യൂണിറ്റായ മാർത്തോമ്മാ ഹോളിസ്റ്റിക്ക് സെന്ററിനും തുടക്കം കുറിക്കുന്നു. ഇതെല്ലാം സാധ്യമാക്കിയ ദൈവകൃപയ്ക്ക് സ്തോത്രം ചെയ്യുന്നു. മറ്റുള്ളവരുടെ വേദന മനസ്സിലാക്കി ആവശ്യഘട്ടത്തിൽ സഹായിച്ച സഭാ ജനങ്ങൾ, രാഷ്ട്രീയ, സാമൂഹ്യ നേതാക്കൾ, പ്രദേശ വാസികൾ എന്നിങ്ങനെ അന

വധി ആളുകളുണ്ട്. നിർലോഭമായി ലഭിച്ചുകൊണ്ടി രിക്കുന്ന എല്ലാ കൈത്താങ്ങലുകളെയും ഓർത്ത് നന്ദി കരേറ്റുകയും ചെയ്യുന്നു.

ഈ നാളുകളിൽ വിവിധ വാർഷിക പരീക്ഷകൾ, പുതിയ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷകൾ എന്നിവയ്ക്കായി തയ്യാറാകുന്ന വിദ്യാർത്ഥികളെ ഓർത്ത് പ്രത്യേകം പ്രാർത്ഥിക്കുന്നു. ആശംസകളും അനുഗ്രഹങ്ങളും അറിയിക്കുന്നു. 2025-26 സാമ്പ ത്തിക വർഷത്തിന്റെ അവസാന പാദത്തിലേക്ക് നാം വന്നുചേർന്നു. സഭാ ഭരണഘടന പ്രകാരം ഇടവക തലത്തിൽ ചെയ്ത് പൂർത്തീകരിക്കേണ്ട കാര്യങ്ങൾ വീഴ്ച കൂടാതെ ചെയ്യണം. പുതിയ സാമ്പത്തിക വർഷ ത്തിലേക്കുള്ള ഇടവക കൈസ്ഥാന സമിതിയെയും, കണക്ക് പരിശോധകരെയും 2026-29 കാലഘട്ടത്തി ലേക്കുള്ള സഭാ പ്രതിനിധി മണ്ഡലാംഗങ്ങളെയും, ഭദ്രാസന അസംബ്ലി അംഗങ്ങളെയും തിരഞ്ഞെടു ക്കുന്നതിനുള്ള സമയമാണിത്. കക്ഷി മത്സരങ്ങളും, അഭിപ്രായ ഭിന്നതകളും, വ്യക്തിഹത്യാ പ്രവണതയും കൂടാതെ സഭയുടെ പുരോഗതിക്കും ദൈവനാമ മഹത്വത്തിനും മുഖാന്തിരമാകത്തക്കവിധം, തെര ഞ്ഞെടുപ്പുകൾ പ്രാർത്ഥനാപൂർവ്വം നടത്തണമെന്ന് ഉദ്ബോധിപ്പിക്കുന്നു. സഭയുടെ കേന്ദ്ര ആഫീസിലോ ഭദ്രാസന ആഫീസിലോ അടയ്ക്കേണ്ടതായ എല്ലാ വരുമാനങ്ങളും വീഴ്ച കൂടാതെ ഈ സാമ്പത്തിക വർ ഷത്തിൽ തന്നെ അടയ്ക്കുവാൻ ഇടവകകൾ ശ്രദ്ധി ക്കണം.

മാർത്തോമ്മാ സഭയിലെ സീനിയർ വൈദികരായ റവ. റോയി മാത്യു (കനകപ്പലം), റവ. ഡോ. റ്റി. ജെ. തോമസ് (ഓതറ) എന്നിവർ കർത്തൃസന്നിധിയി ലേക്ക് ചേർക്കപ്പെട്ടു. ഇടവക തലത്തിലും സ്ഥാപന തലങ്ങളിലും ഈ പ്രിയപ്പെട്ട അച്ചന്മാരിലൂടെ ലഭിച്ച ധന്യമായ ശുശ്രൂഷകളെ ഓർത്ത് ദൈവത്തെ സ്തു തിക്കാം. വേർപാടിന്റെ വേദനയിലായിരിക്കുന്ന കുടും ബാംഗങ്ങളുടെ ദുഖത്തിൽ പങ്ക് ചേരുകയും സഭ യുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

ഫെബ്രുവരി മാസത്തെ ഞായറാഴ്ച ധ്യാനങ്ങൾ യേശുവിന്റെ ആർദ്രതയെയും മനസ്സലിവിനെയും അനുകരിക്കുവാനുള്ള ആലോചനകളാണ് നമുക്ക് നൽകി തരുന്നത്. ഫെബ്രുവരി ഒന്ന് ഞായറാഴ്ച മെഡിക്കൽ മിഷൻ ഞായറായി ആചരിക്കുന്നു. 'സ്നേഹ സഹനങ്ങളിൽ പങ്കുചേരുന്ന മനസ്സലിവ്' എന്നതാണ് ചിന്താവിഷയം. മനസ്സലിവ് കേവലം വൈകാരികവും വാക്കിൽ മാത്രം ഒതുങ്ങുന്നതു മായി തീർന്നു കൂടാ. കർത്താവ് സുവിശേഷം പ്രസംഗി ക്കുകയും സകലവിധ ദീനവും വ്യാധിയും സൗഖ്യ മാക്കുകയും ചെയ്തുവല്ലോ. ജനസമൂഹത്തെ ഇട യൻ ഇല്ലാത്ത ആടുകളെപ്പോലെ കുഴങ്ങിയവരും ചിന്നിയവരും ആയി കണ്ടിട്ട്, കൂടുതൽ മനസ്സലിവുള്ള പ്രവർത്തകരെ ലഭിക്കേണ്ടതിന് പ്രാർത്ഥിക്കുവാൻ തന്റെ ശിഷ്യരോട് ആവശ്യപ്പെടുകയുണ്ടായി. ആശയ ക്കുഴപ്പങ്ങൾ വർദ്ധിച്ചുവരുന്ന നാളുകളിൽ കൂടുതൽ മനസ്സലിവിന്റെ ശുശ്രൂഷകൾ ഉണ്ടാകേണ്ടതുണ്ട്.

ഫെബ്രുവരി എട്ടാം തീയതി ഞായറാഴ്ച 'സൃഷ്ടി പൂർണ്ണതയുടെ ശബത്ത്' എന്ന വിഷയമാണ് സഭ ധ്യാനിക്കുന്നത്. പല കാരണങ്ങളാൽ വികലമായി പോകുന്ന സൃഷ്ടിക്ക് പൂർണത വരുത്തുവാൻ ആഗ്ര ഹിക്കുന്നതും ഉൾച്ചേരുന്നതുമാണ് 'ശബത്ത്' നൽ കുന്ന പ്രചോദനം. അതിനെതിരെ നിൽക്കുന്നത് മനു ഷ്യരുടെ ഹൃദയ കാഠിന്യമാണ്. മൃതമായി പോകുന്ന മത നിയമങ്ങൾ അപകടകരങ്ങളാണ്. കരുതലില്ലാത്ത ആചാരങ്ങളും നിയമങ്ങളും മനുഷ്യരെ ആത്യന്തിക ലക്ഷ്യത്തിൽ നിന്നും വ്യതിചലിപ്പിച്ചപ്പോൾ കർത്താവ് ദുഃഖിക്കുകയും കോപിക്കുകയും ചെയ്യുന്നു. യേശു വിന്റെ പക്ഷത്ത് നിൽക്കുവാൻ ആർദ്രതയുള്ള ഹൃദയ ത്തിനു വേണ്ടി നാം ആഗ്രഹിക്കേണ്ടതുണ്ട്.

ഫെബ്രുവരി പതിനഞ്ചാം തീയതി ഞായറാഴ്ച സഭ വലിയ നോമ്പിലേക്ക് പ്രവേശിക്കുകയാണ്. 'രൂപാ ന്തരപ്പെടുത്തുന്ന യേശുക്രിസ്തു'വിനെ കുറിച്ചാണ് സഭ ധ്യാനിക്കുന്നത്. പുതിയ ഹൃദയം തന്ന്, നിർമ്മ ലീകരിച്ച്, തന്റെ ആത്മാവിനെ ഉള്ളിൽ പകർന്ന്, ദൈവ ഹിതം സ്വഭാവേന നിവൃത്തിയാക്കുന്നതിനു സഹായി ക്കുന്ന ദൈവിക ഇടപെടലിനെ അംഗീകരിക്കുന്ന താണ് രൂപാന്തരം. കാനാവിലെ കല്യാണവിരുന്നിൽ കർത്താവിന്റെ രൂപാന്തരം വരുത്തുന്ന സാന്നിധ്യം അനുഭവമായി. മനുഷ്യർക്ക് ശ്രമസാധ്യം അല്ലാത്ത പ്രശ്ന സങ്കീർണ്ണതകളുടെ മദ്ധ്യേ കർത്താവിനോട് സഹകരിച്ച് രൂപാന്തരം പ്രാപിക്കുവാൻ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.

ഫെബ്രുവരി 22 ഞായറാഴ്ച 'ആർദ്രതയ്ക്കുള്ള ആഹ്വാനം' എന്ന വിഷയമാണ് സഭ ധ്യാനിക്കുന്നത്. തന്റെ അടുക്കൽ വന്ന് മുട്ടുകുത്തി നിനക്കു മനസ്സു ണ്ടെങ്കിൽ എന്നെ ശുദ്ധമാക്കുവാൻ കഴിയും എന്ന് അപേക്ഷിച്ചു പറഞ്ഞ കുഷ്ഠരോഗിയെ ആർദ്രത യോടെ കൈ നീട്ടി തൊട്ട് കർത്താവ് സൗഖ്യമാക്കി. കുഷ്ഠരോഗി ആയിരുന്നവനെ തന്റെ ആരാധനാ ഇട ത്തിലേക്കും പൊതു സമൂഹത്തിലേക്കും കർത്താവ് യഥാസ്ഥാനപ്പെടുത്തി അയയ്ക്കുന്നു. തമ്മിൽ തമ്മിൽ ദയയും മനസ്സലിവും ഉള്ളവരായി ദൈവം ക്രിസ്തുവിലൂടെ മനുഷ്യരോട് കാട്ടിയ മനോഭാവം അനുദിന ഇടങ്ങളിൽ പ്രാവർത്തികമാക്കുവാൻ ഈ നോമ്പുകാലത്ത് നമ്മെയും ദൈവം സഹായിക്കട്ടെ.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേ വരോടും കൂടെയിരിക്കട്ടെ.



പൂലാത്തീൻ
28.01.2026

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**